1935
19/2/15

# കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം - കാലതാമസം മാപ്പാക്കി ധനസഹായം അനുവദിയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ (സാധാ)നം.88/2015/സാനീവ തീയതി, തിരുവനന്തപുരം, 13.02.2015

---

പരാമർശം:- 1. താനൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 6.5.013ലെ B5-4413/11 നമ്പർ കത്ത് 01.3.2014
2. ലാന്റ് റവന്യൂ കമ്മീഷണറുടെ 7.10.14, 14.1.15 എന്നീ തീയതികളിലെ FB(A)4-3393/13 നമ്പർ കത്തുകൾ.

## ഉത്തരവ്

സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായ പദ്ധതി പ്രകാരം മലപ്പുറം ജില്ലയിലെ താനൂർ ഗ്രാമപഞ്ചായത്തിൽ 31 അപേക്ഷകൾ ലഭിക്കുകയുണ്ടായി. വിവാഹശേഷമാണ് പ്രസ്തുത ധനസഹായ അപേക്ഷകൾ ലഭിച്ചത് എന്ന കാരണത്താൽ പ്രത്യേകാനുമതിയ്ക്കായി കളക്ടർക്ക് അയച്ചെങ്കിലും അപേക്ഷകൾ അയയ്ക്കാൻ വൈകിയതുകാരണം ജില്ലാ കളക്ടർ ടി അപേക്ഷകൾ പരിഗണിക്കുകയുണ്ടായില്ല. പ്രസ്തുത സാഹചര്യത്തിൽ താനൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ച അപേക്ഷകൾ അനുഭാവപൂർണ്ണമായി പരിഗണിച്ച് കാലതാമസം മാപ്പാക്കി ഉത്തരവാകണമെന്ന് പഞ്ചായത്ത് സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ കത്തിന്മേൽ ലാന്റ് റവന്യൂ കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം, വിവാഹ ധനസഹായത്തിനായി താനൂർ ഗ്രാമപഞ്ചായത്തിൽ ലഭിച്ച അപേക്ഷകളിൽ കാലതാമസം മാപ്പാക്കുന്നതിനായി 3 വർഷങ്ങൾക്കു ശേഷമാണ് കളക്ടറേറ്റിൽ എത്തിച്ചതെന്നും ആ കാലയളവിൽ ജില്ലാ കളക്ടർക്ക് 3 മാസം വരെയുള്ള കാലതാമസം മാത്രമേ മാപ്പാക്കി നൽകുവാൻ അധികാരമുണ്ടായിരുന്നുള്ളു

എന്നും 26.12.2013ലെ ജി.ഒ(എം.എസ്)76/2013/സാനീവ നമ്പർ ഉത്തരവു പ്രകാരമാണ് 1 വർഷം വരെ കാലതാമസം മാപ്പാക്കി ധനസഹായം അനുവദിക്കുവാൻ ജില്ലാ കളക്ടർക്ക് അധികാരം ലഭിച്ചിട്ടുള്ളതെന്നും ആയതിനാലാണ് അപേക്ഷകൾ നിരസിച്ചതെന്നും താനൂർ ഗ്രാമപഞ്ചായത്തിലെ ജോലിത്തിരക്കും ആവശ്യത്തിനു ജീവനക്കാരില്ലാത്തതും പരിഗണിച്ച് അർഹരായ അപേക്ഷകരുടെ അപേക്ഷ പരിഗണിച്ച് ധനസഹായം നൽകുന്നതിന് സർക്കാരിൽ നിന്നും അനുകൂല ഉത്തരവ് നൽകാവുന്നതാണെന്നും ലാന്റ് റവന്യൂ കമ്മീഷണർ പരാമർശം 2ലെ കത്തു പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(3) ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം വകുപ്പിലെ ഉദ്യോഗസ്ഥരുടെ വീഴ്ചകാരണം കാലതാമസം നേരിടുന്നതും നൽകാതിരിക്കുന്നതും പദ്ധതിയുടെ ഉദ്ദേശ്യത്തെ തന്നെ ഹനിക്കുന്നതാകയാൽ മേൽ പദ്ധതി പ്രകാരം താനൂർ ഗ്രാമപഞ്ചായത്തിലെ അർഹരായ അപേക്ഷകർക്ക് മേൽ കാലതാമസം മാപ്പാക്കി ധനസഹായം അനുവദിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**എൽ.എ.ഗ്രിഗോറിയസ്**
ഡെപ്യൂട്ടി സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, മലപ്പുറം
സെക്രട്ടറി, താനൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം
തദ്ദേശസ്വയംഭരണ വകുപ്പ്
വെബ്& ന്യൂ മീഡിയ വിഭാഗം(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ.